GOVERNMENT OF KERALA

**Law (Administration-I) Department**

# ADMINISTRATION REPORT OF THE OFFICIAL LANGUAGE (LEGISLATIVE) COMMISSION, KERALA

# 2015-2016

©
Government of Kerala
2016

PRINTED BY THE SUPERINTENDENT OF GOVERNMENT PRESSES AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2016.

GOVERNMENT OF KERALA

**Abstract**

LAW DEPARTMENT—ADMINISTRATION REPORT OF THE OFFICIAL LANGUAGE (LEGISLATIVE) COMMISSION, KERALA FOR THE YEAR 2015-2016—REVIEW—ORDERS ISSUED

---

LAW (ADMINISTRATION-I) DEPARTMENT

**G. O. (P) No. 8/2016/Law. Dated, Thiruvananthapuram, 26th July, 2016.**

---

*Read*:—Letter No. 211/A3/2016/OL(L)C dated 9-6-2016 of the Secretary, Official Language (Legislative) Commission, Kerala, Thiruvananthapuram.

ORDER

On the basis of the recommendation of the Parliamentary Committee constituted under Article 344(4) of the Constitution of India, a Presidential Order was issued so as to constitute Official Language (Legislative) Commission at the Central Level. In pursuance of the said order, the Central Official Language (Legislative) Commission was constituted in the year 1961. Thenceforth, the Ministry of Law, Government of India was entrusted with the responsibility of completing necessary preparatory measures for translating Central Laws. It was also entrusted with the task of planning and implementing the entire programme relating to translation of Central Laws. The Ministry was also made responsible for the preparation of Legal Terminology and Glossary for facilitating switchover from English to Hindi and other Indian Languages. At that stage, it was decided that the translation of Central Laws into Regional Languages should be done at the Central Level in close collaboration with the appropriate agencies at the State Level. For this, the Central Government agreed to bear all the expenses of the translation, printing and publication

of the Central Acts in Regional Languages. The above decision paved the way for the constitution of the Official Language (Legislative) Commissions in the States. Accordingly, the Government of Kerala vide order G. O. (Ms.) No. 42/68/Law dated 14-6-1968, constituted the Official Language (Legislative) Commission in the State of Kerala.

2. The Commission was constituted for the purpose of scrutinizing the Glossary of Standard Hindi Legal Terminology prepared by the Central Official Language (Legislative) Commission and suggesting modifications, if any, with a view to make them suitable for adoption into Malayalam. This was intended for scrutinizing the Malayalam Translations of the Central Acts, the Rules made thereunder etc., prepared by the Central Official Language (Legislative) Commission. It was also aimed at suggesting modifications to make the translations to the Malayalam Language and for translating the State Acts, Ordinances and the Rules made thereunder into Malayalam. Eventhough the State Commission was constituted to scrutinize the Malayalam translation of the Central Acts prepared by the Central Commission, the original translations are being done by the State Commission. Thereafter, those translations are sent to the Official Language Wing of the Legislative Department in the Ministry of Law and Justice for approval. The Legislation wing of the Law Secretariat of the Government of Kerala is translating the State Acts, Bills, Ordinances etc. Presently, the State Commission is entrusted only with the task of translation and publication of the Central Acts. In implementing this scheme, the Commission is functioning on the basis of the directions issued by the Official Language Wing of the Ministry of Law and Justice, Government of India. The Government of India is meeting the expenses in connection with the translation, printing and publication of the Central Acts. The Commission is the one and the only institution in the State, which has the exclusive authority to publish the Malayalam version of the Central Acts as authoritative texts.

3. In view of the provisions contained in Section 2 of the Authoritative Texts (Central Laws) Act, 1973 (Act 50 of 1973), the translated version of the Central Acts published by the State Commission are the authoritative texts of those Acts. As such, these publications have the authority of the President of India by virtue of the said provision, the publications of the Commission have prime importance especially when the Government of

Kerala have decided to switch over from English to Malayalam, the Language of the Subordinate Courts. As such, the Commission is taking maximum endeavour to publish all the Central Acts applicable to the State of Kerala in Malayalam. The Commission considers that such efforts would help the common man of the State to have access to the Central Laws in Malayalam Language.

4. The headquarters of the Commission is at Thiruvananthapuram. The Commission is under the administrative control of the Law Secretariat of the Government of Kerala.

5. The Commission consists of a full-time Chairperson and two full-time Members. The Chairperson is in the cadre of Senior Additional Secretary to Government, Law Secretariat, Government of Kerala and the Members are in the cadre of Additional Secretary to Government, Law Department, Government Secretariat. The Secretary of the Commission is an officer of the Law Department in the cadre of Joint Secretary to Government. For the smooth functioning of the Commission, the officers in the Commission are divided into three categories as mentioned below:—

(i) *Technical wing.*—The technical wing consists of one Language Expert, four Draftsmen, two Language Assistants, four Assistants and three Confidential Assistants.

(ii) *Sales wing.*—This wing has been constituted as per G. O. (Ms.) No. 149/1986/Law dated 22-8-1986 for selling Malayalam version of Central Acts. Separate officers are not appointed in this wing. Therefore, one Language Assistant and one Assistant in the technical wing have been posted to attend the work of this wing.

(iii) *Administrative wing.*—This wing consists of the following officers:

| | | | |
|---|---|---|---|
| 1. | Section Officer | .. | 1 |
| 2. | Assistants | .. | 2 |
| 3. | Accountant | .. | 1 |
| 4. | Confidential Assistant | .. | 1 |

| | | | |
|---|---|---|---|
| 5. | Office Superintendent | .. | 1 |
| 6. | Typists | .. | 5 |
| 7. | Clerical Assistant | .. | 1 |
| 8. | Duffedar | .. | 1 |
| 9. | Roneo Operator | .. | 1 |
| 10. | Binder | .. | 1 |
| 11. | Office Attendants | .. | 5 |
| 12. | Driver | .. | 1 |
| 13. | Part-time Watcher | .. | 1 |
| 14. | Part-time Sweeper | .. | 1 |

6. Central Acts translated by the Assistants, Language Experts and Draftsmen in the technical wing are submitted before the Commission for approval. After examination with due care, the Commission approves the same with modifications, if any. After approval of the Commission, translated version of these Acts are forwarded to the Official Language Wing in the Legislative Department of the Ministry of Law and Justice, Government of India, New Delhi. If the Official Language Wing suggests any modifications, the translated versions will be returned with suggestions and proposed amendments. After considering such modifications, the translation in its final form will be sent to the Official Language Wing for placing them before the Working Group Meeting to be held at New Delhi. After approval of the Working Group, the Sign Manual of the translation is printed and forwarded to the Official Language Wing for obtaining the assent of His Excellency, the President of India. The translated versions of the Acts approved by the President of India will be published in Part XI of the Gazette of India Extraordinary, which part is set apart for Malayalam Language, as provided under Section 2 of the Authoritative Texts (Central Laws) Act, 1973. This will be made available for sale in book form from the Commission.

7. The Commission sells Malayalam versions of the Central Acts through approved booksellers and agents. Besides, the Acts are sold to the Public and the Government Offices also. Of the total value of the books, 75% goes to the Central Government, 20% as agents' commission and the remaining 5% is given to the State Government as incidental expenses.

8. The Sales Wing of this Commission has sold books worth of ₹ 6539 (Rupees Six Thousand Five Hundred and Thirty-nine only) during the period from 1-4-2015 to 31-3-2016 and an amount of ₹ 5243 (Rupees Five Thousand Two Hundred and Forty-three only) has been remitted in the State Bank of India, Statue branch after deducting an amount of ₹ 1,308 (Rupees One Thousand three Hundred and Eight only) being the 20% agent's commission.

9. The Commission have so far published authoritative Malayalam translation of 265 (Two Hundred and Sixty-five) Central Acts in book form with the approval of the Official Language Wing of the Ministry of Law and Justice, Government of India. As a result of the effective functioning of the Sales Wing, the Malayalam version of the Central Acts have reached the public to a greater extent.

10. The Official Language (Legislative) Commission, Kerala have published the diglot edition of the Constitution of India in 2007 incorporating upto Niniety Fourth amendments. In view of the high demand from the general public, the Commission approched the Official Language Wing of the Government of India seeking permission to reprint the diglot edition and the Official Language Wing of the Central Government permitted to reprint the same with a condition that the amendments from Ninety-fifth to hundredth to the Constitution of India be appended to the last portion of the edition 2007. On the strength of the above permission the Commission scrutinized the diglot edition appending Ninety-fifth to hundredth amendments in the last portion and entrusted the same to the Government Press for repriniting.

11. Now the Commission is in the final stage of bringing out the updated diglot edition of the Constitution of India incorporating all the amendments.

I. **The Malayalam Translation of the following Central Acts have been published in book form during the period under report:**

1. The National Dairy Development Board Act, 1987.
2. The Mahatma Gandhi National Rural Employment Guarantee Act, 2005.
3. The Maintenance and Welfare of Parents and Senior Citizens Act, 2007.
4. The National Investigation Agency Act, 2008.
5. The Carriage by Road Act, 2007.
6. The Indecent Representation of Women (Prohibition) Act, 1986.

II. **The Sign Manual of the following Central Act has been sent to the President of India for Approval during the period of report:**

The Clinical Establishments (Registration and Regulation) Act, 2010.

III. **The Malayalam Translation of the following Central Acts have been sent to Central Official Language Wing for approving the changes suggested by the Commission in the Glossary for printing sign manual:**

1. The Land Ports Authority of India Act, 2010.
2. The National Green Tribunal Act, 2010.

IV. **The Malayalam Translation of the following Act has been sent to the Government Press for printing sign manual:**

The Collection of Statistics Act, 2008.

V. **The Malayalam Translation of the following Central Acts were sent to the Official Language Wing of the Government of India for approval during the period under report:**

1. The Presidents Emoluments and Pension Act, 1951.
2. The Food Safety and Standards Act, 2006 (Corrected Version as suggested by O.L. Wing).

3. The Sexual Harassment of Women at Work Places (Prevention, Prohibition and Redressal) Act, 2013.
4. The Salary and Allowances of Leaders of Opposition in Parliament Act, 1977.
5. The Administrators General Act, 1963.
6. The Indian Evidence Act, 1872 (Incorporating all amendments).
7. The National Food Security Act, 2013.

VI. **Translation of the following Central Acts have been completed during the period under report:**

1. The Unlawful Activities (Prevention) Amendment Act, 2012.
2. The Chits Fund Act, 1982.
3. The Indian Penal Code, 1860 (Incorporating all amendments).
4. The Railway Property (Unlawful Possession) Amendment Act, 2012.
5. The Wildlife (Protection) Act, 1972.
6. The National Judicial Commission Act, 2014.
7. The National Institute of Design Act, 2014.
8. The Whistle Blowers Protection Act, 2011.
9. The Pension Fund Regulatory and Development Authority Act, 2013.
10. The Prohibition of Employment as Manual Scavengers and their Rehabilitation Act, 2013.
11. The Copy Right Act, 1957.
12. The Payment & Settlement Systems (Amendment) Act, 2015.

VII. **The Translation of the following Central Acts are in progress:**

1. The Companies Act, 2013.
2. The Prevention of Money Laundering (Amendment) Act, 2015.

**Expenditure for the year 2015–16:**

| | | | *Amount in (₹)* |
|---|---|---|---|
| 1. | Salary | .. | 1,60,13,397 |
| 2. | Wages | .. | 2,76,811 |
| 3. | Travel Expenses | .. | 21,674 |
| 4. | Office Expenses | .. | 2,55,071 |
| 5. | Rent | .. | 4,24,710 |
| | Total | .. | 1,69,91,663 |

(Rupees One Crore Sixty-nine Lakhs Ninety-one Thousand Six Hundred and Sixty-three only).

**12. Implementation of the Right to Information Act, 2005**

Secretary of Official Language (Legislative) Commission is functioning as the Public Information Officer and Secretary, Law Department, Government Secretariat is functioning as the Appellate Authority under the Right to Information Act, 2005.

During the financial year 2015-16 six applications were received under the Right to Information Act and all of them were disposed within the time limit. No appeals were pending before the Appellate Authority.

During the current year, there has been considerable improvement in the work turn out of the Commission.

By order of the Governor,

B. G. HARINDRANATH,
*Law Secretary.*

# കേരള ഔദ്യോഗിക ഭാഷ (നിയമ നിർമ്മാണ) കമ്മീഷൻ
## 2015-16 വർഷത്തിലെ ഭരണ റിപ്പോർട്ട്
## (1-4-2015 മുതൽ 31-3-2016 വരെ)

| | | |
|---|---|---|
| *മന്ത്രി* | .. | ശ്രീ. കെ. എം. മാണി<br>(18-5-2011 മുതൽ 10-11-2015 വരെ) |
| | .. | ശ്രീ. ഉമ്മൻ ചാണ്ടി<br>(10-11-2015 മുതൽ തുടരുന്നു.) |
| *നിയമ സെക്രട്ടറി* | .. | ശ്രീ. ബി. ജി. ഹരീന്ദ്രനാഥ്<br>(12-3-2015 മുതൽ തുടരുന്നു.) |
| *ചെയർ പേഴ്സൺ/*<br>ചെയർമാൻ | .. | ശ്രീമതി എസ്. കുമാരി സുധ<br>(25-6-2014 മുതൽ 11-5-2015 വരെ) |
| | | ശ്രീ. പി. പുരുഷോത്തമൻ<br>(12-5-2015 മുതൽ തുടരുന്നു.) |
| *ഫുൾടൈം*<br>*മെമ്പർമാർ* | .. | ശ്രീ. പി. പുരുഷോത്തമൻ<br>(28-1-2015 മുതൽ 11-5-2015 വരെ.) |
| | | ശ്രീ. ജെയിംസ് ജോസഫ്, കെ.<br>(17-10-2015 മുതൽ തുടരുന്നു.) |
| | | ശ്രീമതി വി. രമാഭായി<br>(24-6-2014 മുതൽ 31-5-2015 വരെ) |
| | | ശ്രീമതി ശോഭാ നായർ, എൽ.<br>(1-6-2015 മുതൽ 17-10-2015 വരെ) |
| | | ശ്രീമതി പി. പി. മേരി<br>(12-5-2015 മുതൽ തുടരുന്നു.) |
| *സെക്രട്ടറി* | : | ശ്രീമതി എസ്. എ. രാജലക്ഷ്മി<br>(19-9-2014 മുതൽ തുടരുന്നു.) |

3/2716/2016/S-22.

## ആമുഖം

ഭാരതത്തിന്റെ വ്യാവസായികവും സാംസ്കാരികവും ശാസ്ത്രീയവുമായ പുരോഗതിക്കും പൊതുസേവനങ്ങൾ സംബന്ധിച്ച് ഹിന്ദി സംസാരിക്കാത്ത പ്രദേശങ്ങളിലുള്ള ആളുകളുടെ ന്യായമായ അവകാശങ്ങൾക്കും താൽപ്പര്യങ്ങൾക്കും അർഹമായ പരിഗണന ഉണ്ടായിരിക്കുന്ന തരത്തിൽ ഔദ്യോഗിക ഭാഷ സംബന്ധിച്ച് ബഹുമാനപ്പെട്ട ഭാരത രാഷ്ട്രപതിക്ക് ശിപാർശ നൽകുന്നതിനായി ഒരു കമ്മീഷൻ രാഷ്ട്രപതി ഉത്തരവ് മുഖേന രൂപീകരിക്കണമെന്ന ഭരണഘടനയിലെ 344-ാം അനുച്ഛേദത്തിലെ (1)-ഉം (3)-ഉം ഖണ്ഡങ്ങളിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ രൂപീകരിച്ച കമ്മീഷന്റെയും, പ്രസ്തുത അനുച്ഛേദത്തിലെ (4)-ാം ഖണ്ഡപ്രകാരം രൂപീകരിച്ച പാർലമെന്ററി കമ്മിറ്റിയുടെ ശിപാർശയുടെയും അടിസ്ഥാനത്തിലാണ് കേന്ദ്ര ഔദ്യോഗിക ഭാഷ (നിയമ നിർമ്മാണ) കമ്മീഷൻ 1961-ൽ രൂപീകരിക്കപ്പെട്ടത്. ഇതിനെ തുടർന്ന് കേന്ദ്ര നിയമങ്ങൾ പരിഭാഷപ്പെടുത്തി പ്രസിദ്ധപ്പെടുത്തുന്നത് കേന്ദ്ര നിയമ മന്ത്രാലയത്തിന്റെ ചുമതലയിലായിരുന്നു.

എന്നാൽ അതിനുശേഷം കേന്ദ്ര നിയമങ്ങൾ പ്രാദേശിക ഭാഷയിലേക്ക് തർജ്ജമ ചെയ്ത് അച്ചടിച്ച് പ്രസിദ്ധപ്പെടുത്തുന്ന എല്ലാ ചെലവുകളും കേന്ദ്ര സർക്കാർ വഹിക്കാമെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളിൽ ഔദ്യോഗിക ഭാഷ (നിയമ നിർമ്മാണ) കമ്മീഷൻ രൂപീകരിക്കാൻ തീരുമാനിക്കുകയും 14-6-1968-ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നമ്പർ 42/68/നിയമം ഉത്തരവ് പ്രകാരം സംസ്ഥാനത്ത് കേരള ഔദ്യോഗിക ഭാഷ (നിയമ നിർമ്മാണ) കമ്മീഷൻ രൂപീകരിക്കുകയും ചെയ്തു.

ഏതെങ്കിലും കേന്ദ്ര ആക്റ്റിന്റെയോ രാഷ്ട്രപതി വിളംബരം ചെയ്യുന്ന ഓർഡിനൻസിന്റെയോ ഭരണഘടനയുടെയോ കീഴിൽ പുറപ്പെടുവിക്കുന്ന ഏതെങ്കിലും ഉത്തരവിന്റെയോ ചട്ടങ്ങളുടെയോ റെഗുലേഷനുകളുടെയോ, ഹിന്ദി ഒഴികെ, ഭരണഘടനയുടെ എട്ടാം പട്ടികയിൽ വിനിർദ്ദേശിച്ചിരിക്കുന്ന ഏതെങ്കിലും ഭാഷയിൽ, രാഷ്ട്രപതിയുടെ അംഗീകാരത്തോടെ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന പരിഭാഷ, അപ്രകാരമുള്ള ഭാഷയിലുള്ള അതിന്റെ ആധികാരിക പാഠമായിരിക്കുമെന്ന് 1973-ലെ ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റിന്റെ 2-ാം വകുപ്പ് വ്യവസ്ഥ ചെയ്യുന്നു.

കമ്പ്യൂട്ടർവൽക്കരണം

കമ്മീഷന്റെ സുഗമമായ പ്രവർത്തനങ്ങൾക്കായി കമ്മീഷൻ കമ്പ്യൂട്ടർവത്കരിച്ചിട്ടുണ്ട്. "ollc1968@gmail.com" എന്നതാണ് കമ്മീഷന്റെ ഔദ്യോഗിക ഇ-മെയിൽ വിലാസം.

റിപ്പോർട്ട് വർഷം കമ്മീഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്.

എസ്. എ. രാജലക്ഷ്മി,
*സെക്രട്ടറി,*
*കേരള ഔദ്യോഗിക ഭാഷാ (നിയമ നിർമ്മാണ) കമ്മീഷൻ.*

(10) ദി പ്രൊഹിബിഷൻ ഓഫ് എംപ്ലോയ്മെന്റ് ആസ് മാനുവൽ സ്കാവൻജേഴ്സ് ആന്റ് ദയർ റിഹാബിലിറ്റേഷൻ ആക്റ്റ്, 2013.

(11) ദി കോപ്പിറൈറ്റ് ആക്റ്റ്, 1957.

(12) ദി പേമെന്റ് ആന്റ് സെറ്റിൽമെന്റ് സിസ്റ്റംസ് (അമന്റ്മെന്റ്) ആക്റ്റ്, 2015.

VII. താഴെപ്പറയുന്ന കേന്ദ്ര ആക്റ്റുകളുടെ പരിഭാഷ നടന്നുവരുന്നു:

(1) ദി കമ്പനീസ് ആക്റ്റ്, 2013.

(2) ദി പ്രിവൻഷൻ ഓഫ് മണി ലോൺഡറിംഗ് (അമന്റ്മെന്റ്) ആക്റ്റ്, 2015.

കമ്മീഷന്റെ വില്പന വിഭാഗത്തിൽനിന്നും റിപ്പോർട്ട് കാലയളവായ 1-4-2015 മുതൽ 31-3-2016 വരെ ആകെ 6,539 (ആറായിരത്തി അഞ്ഞൂറ്റി മുപ്പത്തി ഒൻപത് രൂപ മാത്രം) രൂപയുടെ പുസ്തകങ്ങൾ വില്പന നടത്തുകയും അതിൽ ഏജന്റുമാർക്കുള്ള 20% കമ്മീഷൻ തുകയായ 1,308 (ആയിരത്തി മുന്നൂറ്റിയെട്ട് രൂപ മാത്രം) രൂപ കിഴിവ് ചെയ്ത് ബാക്കി തുകയായ 5,243 (അയ്യായിരത്തി ഇരുന്നൂറ്റി നാൽപ്പത്തി മൂന്ന് രൂപ മാത്രം) രൂപ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ സ്റ്റാച്ച്യൂ ബ്രാഞ്ചിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്.

വിവരാവകാശ നിയമപ്രകാരം തീർപ്പാക്കിയ ഫയലുകൾ:

വിവരാവകാശ നിയമപ്രകാരമുള്ള പബ്ലിക് ഇൻഫർമേഷൻ ആഫീസർ ആയി കമ്മീഷൻ സെക്രട്ടറിയും അപ്പലേറ്റ് അതോറിറ്റിയായി കേരള സർക്കാർ നിയമ വകുപ്പ് സെക്രട്ടറിയും പ്രവർത്തിക്കുന്നു.

2015-16 സാമ്പത്തിക വർഷത്തിൽ വിവരാവകാശ നിയമപ്രകാരമുള്ള 6 അപേക്ഷകൾ കമ്മീഷനിൽ ലഭിക്കുകയും അവയെല്ലാം സമയപരിധിക്കുള്ളിൽ തന്നെ തീർപ്പാക്കുകയും ചെയ്തു. ഇത് സംബന്ധിച്ച് അപ്പീലുകളൊന്നും നിലവിലില്ല.

## മറ്റുള്ളവ

ഔദ്യോഗിക ഭാഷ ആക്റ്റ് നടപ്പാക്കൽ:

കമ്മീഷനിൽ ഫയലുകൾ ഔദ്യോഗിക ഭാഷയിലാണ് കൈകാര്യം ചെയ്യുന്നത്.

V. റിപ്പോർട്ട് കാലയളവിൽ താഴെപ്പറയുന്ന കേന്ദ്ര ആക്റ്റുകളുടെ മലയാള പരിഭാഷ കേന്ദ്ര ഔദ്യോഗിക ഭാഷാ വിഭാഗത്തിന്റെ അംഗീകാരത്തിനായി അയച്ചുകൊടുത്തു:

(1) ദി പ്രസിഡന്റ്സ് ഇമോളുമെന്റ്സ് ആന്റ് പെൻഷൻ ആക്റ്റ്, 1951

(2) ദി ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ്സ് ആക്റ്റ്, 2006 (കേന്ദ്ര ഔദ്യോഗികഭാഷാ വിഭാഗം നിർദ്ദേശിച്ച തിരുത്തലുകൾ വരുത്തിയത്).

(3) ദി സെക്ഷ്വൽ ഹറാസ്സ്മെന്റ് ഓഫ് വുമൺ അറ്റ് വർക്ക്പ്ലേസസ് (പ്രിവൻഷൻ, പ്രൊഹിബിഷൻ ആന്റ് റിഡ്രസ്സൽ) ആക്റ്റ് 2013.

(4) ദി സാലറി ആന്റ് അലവൻസസ്സ് ഓഫ് ലീഡേഴ്സ് ഓഫ് ഒപ്പോസിഷൻ ഇൻ പാർലമെന്റ് ആക്റ്റ്, 1977.

(5) ദി അഡ്മിനിസ്ട്രേറ്റേഴ്സ് ജനറൽ ആക്റ്റ്, 1963.

(6) ദി ഇന്ത്യൻ എവിഡൻസ് ആക്റ്റ്, 1872 (ഭേദഗതികൾ ഉൾപ്പെടുത്തിയത്).

(7) ദി നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്റ്റ്, 2013.

VI. റിപ്പോർട്ട് കാലയളവിൽ താഴെപ്പറയുന്ന കേന്ദ്ര ആക്റ്റുകളുടെ മലയാള പരിഭാഷ പൂർത്തിയായി:

(1) ദി അൺലാഫുൾ ആക്റ്റിവിറ്റീസ് (പ്രിവൻഷൻ) അമന്റ്മെന്റ് ആക്റ്റ്, 2012.

(2) ദി ചിട്ട് ഫണ്ട്സ് ആക്റ്റ്, 1982.

(3) ദി ഇൻഡ്യൻ പീനൽ കോഡ്, 1860 (ഭേദഗതികൾ ഉൾപ്പെടുത്തിയത്).

(4) ദി റെയിൽവേ പ്രോപ്പർട്ടി (അൺലാഫുൾ പൊസഷൻ) അമന്റ്മെന്റ് ആക്റ്റ്, 2012.

(5) ദി വൈൽഡ് ലൈഫ് (പ്രൊട്ടക്ഷൻ) ആക്റ്റ്, 1972.

(6) ദി നാഷണൽ ജുഡീഷ്യൽ കമ്മീഷൻ ആക്റ്റ്, 2014.

(7) ദി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ ആക്റ്റ്, 2014.

(8) ദി വിസിൽ ബ്ലോവേഴ്സ് പ്രൊട്ടക്ഷൻ ആക്റ്റ്, 2011.

(9) ദി പെൻഷൻ ഫണ്ട് റെഗുലേറ്ററി ആന്റ് ഡവലപ്മെന്റ് അതോറിറ്റി ആക്റ്റ് 2013.

ഇപ്പോൾ കമ്മീഷൻ, ഭാരതത്തിന്റെ ഭരണഘടനയുടെ ദ്വിഭാഷാ പതിപ്പ് നാളിതുവരെയുള്ള ഭേദഗതികളെല്ലാം ഉൾപ്പെടുത്തിക്കൊണ്ട് പ്രസിദ്ധീകരിക്കുന്നതിനുള്ള ജോലിയുടെ അവസാന ഘട്ടത്തിലാണ്.

I. റിപ്പോർട്ട് കാലയളവിൽ താഴെപ്പറയുന്ന കേന്ദ്ര ആക്റ്റുകളുടെ മലയാള പരിഭാഷ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്:

(1) ദേശീയ ക്ഷീര വികസന ബോർഡ് ആക്റ്റ്, 1987.

(2) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പാക്കൽ ആക്റ്റ്, 2005.

(3) മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും സംരക്ഷണവും ക്ഷേമവും ആക്റ്റ്, 2007.

(4) ദേശീയ അന്വേഷണ ഏജൻസി ആക്റ്റ്, 2008.

(5) റോഡുവഴി ചരക്കുകൊണ്ടുപോകൽ ആക്റ്റ്, 2007.

(6) സ്ത്രീകളെ അസഭ്യമായി ചിത്രീകരിക്കുന്നത് (നിരോധിക്കൽ) ആക്റ്റ്, 1986.

II. റിപ്പോർട്ട് കാലയളവിൽ താഴെപ്പറയുന്ന കേന്ദ്ര ആക്റ്റിന്റെ "സൈൻ മാനുവൽ" ഭാരതത്തിന്റെ രാഷ്ട്രപതിയുടെ അംഗീകാരത്തിനായി അയച്ചുകൊടുത്തു :

ദി ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് (രജിസ്ട്രേഷൻ ആന്റ് റെഗുലേഷൻ) ആക്റ്റ്, 2010.

III. താഴെപ്പറയുന്ന കേന്ദ്ര ആക്റ്റുകളുടെ മലയാള പരിഭാഷ "സൈൻ മാന്വൽ" അച്ചടിക്കുന്നതിലേക്കായി ഗ്ലോസറിയിൽ കമ്മീഷൻ നിർദ്ദേശിച്ച തിരുത്തലുകൾ അംഗീകരിക്കുന്നതിനായി കേന്ദ്ര ഔദ്യോഗിക ഭാഷാ വിഭാഗത്തിലേക്ക് അയച്ചു :

(1) ദി ലാൻഡ് പോർട്ട്സ് അതോറിറ്റി ഓഫ് ഇന്ത്യ ആക്റ്റ്, 2010.

(2) ദി നാഷണൽ ഗ്രീൻ ട്രിബ്യൂണൽ ആക്റ്റ്, 2008.

IV. താഴെപ്പറയുന്ന കേന്ദ്ര ആക്റ്റിന്റെ മലയാള പരിഭാഷ സൈൻ മാന്വൽ അച്ചടിക്കുന്നതിനായി ഗവൺമെന്റ് പ്രസ്സിൽ നൽകി :

സ്ഥിതി വിവര കണക്ക് ശേഖരിക്കൽ ആക്റ്റ്, 2008.

<u>2015-2016 വർഷത്തെ ചെലവ്</u> (രൂപ).

| | | | |
|---|---|---|---|
| 1. | ശമ്പളയിനത്തിൽ | .. | 1,60,13,397 |
| 2. | വേതനം | .. | 2,76,811 |
| 3. | യാത്രാബത്ത | .. | 21,674 |
| 4. | ഓഫീസ് ചെലവ് | .. | 2,55,071 |
| 5. | കെട്ടിട വാടക | .. | 4,24,710 |
| | ആകെ | .. | 1,69,91,663 |

(ഒരുകോടി അറുപത്തി ഒൻപത് ലക്ഷത്തി തൊണ്ണൂറ്റി ഒന്നായാരത്തി അറുന്നൂറ്റി അറുപത്തി മൂന്ന് രൂപ മാത്രം).

## കമ്മീഷന്റെ പ്രസിദ്ധീകരണങ്ങൾ

ഭാരത സർക്കാരിന്റെ നിയമ-നീതിന്യായ മന്ത്രാലയത്തിലെ ഔദ്യോഗിക ഭാഷാ വിഭാഗത്തിന്റെ അംഗീകാരത്തോടുകൂടി കമ്മീഷൻ നാളിതുവരെ 265 (ഇരുന്നൂറ്റി അറുപത്തിയഞ്ച്) കേന്ദ്ര ആക്റ്റുകളുടെ മലയാളത്തിലുള്ള ആധികാരിക പരിഭാഷ പുസ്തക രൂപത്തിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിൽപന വിഭാഗത്തിന്റെ കാര്യക്ഷമമായ പ്രവർത്തനഫലമായി കേന്ദ്ര ആക്റ്റുകളുടെ മലയാള പരിഭാഷ പൊതുജനങ്ങളിൽ വ്യാപകമായി എത്തിക്കുവാൻ കഴിഞ്ഞു.

ഭാരതത്തിന്റെ ഭരണഘടനയുടെ ദ്വിഭാഷാ പതിപ്പ് (ഇംഗ്ലീഷ്-മലയാളം) തൊണ്ണൂറ്റി നാലാം ഭേദഗതിവരെ ഉൾപ്പെടുത്തിക്കൊണ്ട് 2007-ലാണ് കേരള ഔദ്യോഗിക ഭാഷാ (നിയമ നിർമ്മാണ) കമ്മീഷൻ പ്രസിദ്ധീകരിച്ചത്. പൊതുജനങ്ങളുടെ വൻതോതിലുള്ള ആവശ്യം പരിഗണിച്ച് ഈ കമ്മീഷന്റെ അപേക്ഷ പ്രകാരം നിലവിലുള്ള 2007-ലെ ദ്വിഭാഷാ പതിപ്പിന്റെ അവസാന ഭാഗത്ത് അതിനുശേഷമുള്ള തൊണ്ണൂറ്റി അഞ്ച് മുതൽ നൂറാമത് വരെയുള്ള ഭേദഗതികൾ അനുബന്ധമായി ചേർത്തുകൊണ്ട് 2000 അധിക പ്രതികൾ റീപ്രിന്റ് ചെയ്യുന്നതിന് ഭാരത സർക്കാരിന്റെ ഔദ്യോഗികഭാഷാ വിഭാഗത്തിന്റെ അനുമതി ലഭിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ പരിഭാഷപ്പെടുത്തിയ തൊണ്ണൂറ്റിയഞ്ച് മുതൽ നൂറാമത് വരെയുള്ള ഭേദഗതി സൂക്ഷ്മ പരിശോധന നടത്തി അംഗീകരിച്ച് ആയത് നിലവിലുള്ള ഭരണഘടന ദ്വിഭാഷാ പതിപ്പിന്റെ അവസാന ഭാഗത്ത് അനുബന്ധമായി ചേർത്ത് റീപ്രിന്റ് ചെയ്യുന്നതിനായി ഗവൺമെന്റ് പ്രസ്സിൽ നൽകി.

# കമ്മീഷന്റെ പ്രവർത്തനം

സാങ്കേതിക വിഭാഗത്തിൽനിന്നും അസിസ്റ്റന്റുമാർ, ഡ്രാഫ്റ്റ്സ്മാൻമാർ, ഭാഷാ വിദഗ്ദ്ധൻ എന്നിവർ തയ്യാറാക്കുന്ന കേന്ദ്ര നിയമങ്ങളുടെ പരിഭാഷ വളരെ അവധാനപൂർവ്വം പരിശോധിച്ച് വേണ്ട മാറ്റങ്ങൾ വരുത്തി കമ്മീഷൻ അംഗീകരിക്കുകയും അവയെ കേന്ദ്ര സർക്കാരിന്റെ ഔദ്യോഗിക ഭാഷാ വിഭാഗത്തിലേക്ക് അയച്ചുകൊടുക്കുകയും ചെയ്യുന്നു. മാറ്റങ്ങൾ ആവശ്യമെന്നു തോന്നുന്ന പക്ഷം അതിനായുള്ള നിർദ്ദേശങ്ങൾ സഹിതം കേന്ദ്ര സർക്കാരിന്റെ ഔദ്യോഗിക ഭാഷാ വിഭാഗം കമ്മീഷന്റെ പരിഗണനയ്ക്കായി പരിഭാഷ തിരികെ അയയ്ക്കുകയും, കമ്മീഷൻ, പരിഭാഷ പുനഃപരിശോധിച്ച് കേന്ദ്ര സർക്കാരിലേക്ക് വീണ്ടും അയച്ചുകൊടുക്കുകയും ചെയ്യുന്നു. ആക്റ്റുകളുടെ മലയാള പരിഭാഷ സൂക്ഷ്മപരിശോധന നടത്തി അംഗീകരിക്കുന്നതിനായി അത് ന്യൂഡൽഹിയിൽ യോഗം ചേരുന്ന വർക്കിങ് ഗ്രൂപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയും വർക്കിങ് ഗ്രൂപ്പിന്റെ അന്തിമ അംഗീകാരത്തിനുശേഷം പ്രസ്തുത പരിഭാഷയുടെ സൈൻ മാനുവൽ അച്ചടിച്ച് ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്യുന്നു. രാഷ്ട്രപതിയുടെ അംഗീകാരത്തോടുകൂടി തിരികെ ലഭിക്കുന്ന പരിഭാഷകൾ 1973-ലെ ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ). ആക്റ്റിലെ 2-ാം വകുപ്പ് പ്രകാരം ഭാരത സർക്കാരിന്റെ ഗസറ്റിൽ മലയാള ഭാഷയ്ക്കായി നിശ്ചയിച്ചിരിക്കുന്ന ഭാഗം XI-ൽ അസാധാരണ ഗസറ്റായി സംസ്ഥാനത്ത് പ്രസിദ്ധീകരിക്കുന്നതോടൊപ്പം ആക്റ്റുകൾ പുസ്തക രൂപത്തിലും തയ്യാറാക്കുകയും അവ വിൽപ്പന വിഭാഗം മുഖേന വിൽപ്പന നടത്തുകയും ചെയ്യുന്നു.

കമ്മീഷൻ തയ്യാറാക്കിയ കേന്ദ്ര നിയമങ്ങളുടെ പരിഭാഷ കേരളത്തിലെ അംഗീകൃത പുസ്തക വ്യാപാരികൾ മുഖേനയും അംഗീകൃത ഏജന്റുമാർ മുഖേനയും വിൽപ്പന നടത്തിവരുന്നു. കൂടാതെ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സർക്കാർ ഓഫീസുകൾക്കും കമ്മീഷൻ ആഫീസിൽനിന്നും പുസ്തകങ്ങൾ നേരിട്ട് വിൽപന നടത്തുന്നുണ്ട്. മൊത്തം വിൽപന വിലയുടെ 75% തുക കേന്ദ്ര സർക്കാരിനും, 20% തുക ഏജന്റിനും അവശേഷിക്കുന്ന 5% തുക ബന്ധപ്പെട്ട ചെലവുകൾക്കായി സംസ്ഥാന സർക്കാരിനുമാണ് ലഭിക്കുന്നത്. ആക്റ്റുകൾ പരിഭാഷപ്പെടുത്തുന്നതിന്റെയും അച്ചടിച്ച് പ്രസിദ്ധപ്പെടുത്തുന്നതിന്റെയും ചെലവുകൾ കേന്ദ്ര സർക്കാരാണ് വഹിക്കുന്നത്.

കമ്മീഷന്റെ സുഗമമായ പ്രവർത്തനത്തിനുവേണ്ടി ഉദ്യോഗസ്ഥരെ താഴെ പറയുംവിധം മൂന്നായി തരം തിരിച്ചിരിക്കുന്നു.

1. സാങ്കേതിക വിഭാഗം.—നിയമ വകുപ്പിലെ അണ്ടർ സെക്രട്ടറി പദവിയിലുള്ള ഒരു ഭാഷാ വിദഗ്ദ്ധനും നാല് ഡ്രാഫ്റ്റ്സ്മാൻമാരും സെക്ഷൻ ഓഫീസർ പദവിയിലുള്ള രണ്ട് ലാംഗ്വേജ് അസിസ്റ്റന്റുമാരും ലീഗൽ അസിസ്റ്റന്റ് പദവിയിലുള്ള നാല് അസിസ്റ്റന്റുമാരും മൂന്ന് കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരും ഉൾപ്പെടുന്നതാണ് സാങ്കേതിക വിഭാഗം.

2. വിൽപ്പന വിഭാഗം.—കേന്ദ്ര നിയമങ്ങളുടെ ആധികാരിക പാഠങ്ങളുടെ വിൽപ്പനയ്ക്കായി 22-8-1986-ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നമ്പർ 149/86/നിയമം പ്രകാരം രൂപീകരിച്ചതാണ് ഈ വിഭാഗം. ഈ വിഭാഗത്തിലേക്കായി പ്രത്യേക ഉദ്യോഗസ്ഥരെ അനുവദിച്ചിട്ടില്ല. ആയതിനാൽ സാങ്കേതിക വിഭാഗത്തിലെ ഒരു ലാംഗ്വേജ് അസിസ്റ്റന്റിന്റെയും ഒരു അസിസ്റ്റന്റിന്റെയും ചുമതലയിലാണ് വിൽപ്പന വിഭാഗം പ്രവർത്തിക്കുന്നത്.

3. ഭരണ വിഭാഗം.—താഴെപ്പറയുന്ന ഉദ്യോഗസ്ഥൻമാർ ഉൾപ്പെടുന്നതാണ് ഭരണ വിഭാഗം.

| | | | |
|---|---|---|---|
| 1. | സെക്ഷൻ ഓഫീസർ | .. | 1 |
| 2. | അസിസ്റ്റന്റ് | .. | 2 |
| 3. | അക്കൗണ്ടന്റ് | .. | 1 |
| 4. | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | .. | 1 |
| 5. | ആഫീസ് സൂപ്രണ്ട് | .. | 1 |
| 6. | ടൈപ്പിസ്റ്റ് | .. | 5 |
| 7. | ക്ലറിക്കൽ അസിസ്റ്റന്റ് | .. | 1 |
| 8. | ഡഫേദാർ | .. | 1 |
| 9. | റോണിയോ ഓപ്പറേറ്റർ | .. | 1 |
| 10. | ബയന്റർ | .. | 1 |
| 11. | ആഫീസ് അറ്റന്റന്റ് | .. | 5 |
| 12. | ഡ്രൈവർ | .. | 1 |
| 13. | പാർട്ട്ടൈം സ്വീപ്പർ | .. | 1 |
| 14. | പാർട്ട്ടൈം വാച്ചർ | .. | 1 |

● മേൽപ്പറഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ, സംസ്ഥാനത്ത് പ്രാബല്യത്തിലിരിക്കുന്ന കേന്ദ്ര നിയമങ്ങളുടെ മലയാള പരിഭാഷ തയ്യാറാക്കി ആധികാരിക പാഠമായി പ്രസിദ്ധീകരിക്കുകയും അതുവഴി നിയമങ്ങൾ സാധാരണക്കാർക്ക് പ്രാപ്യമാക്കുകയും ചെയ്യുന്നതോടൊപ്പം, ഭരണഭാഷ പ്രാദേശിക ഭാഷയിലായിരിക്കണം എന്ന കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നയം നടപ്പിലാക്കുന്നത് ത്വരിതപ്പെടുത്തുന്ന കർത്തവ്യവും കൂടിയാണ് കേന്ദ്ര നിയമങ്ങളുടെ മലയാള പരിഭാഷ ആധികാരിക പാഠങ്ങളായി തയ്യാറാക്കുന്നതിലൂടെ കേരള ഔദ്യോഗിക ഭാഷ (നിയമ നിർമ്മാണ) കമ്മീഷൻ നിർവ്വഹിക്കുന്നത്. മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുന്ന കേന്ദ്ര നിയമങ്ങൾ, 1973-ലെ ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ് പ്രകാരം, കേന്ദ്ര സർക്കാരിന്റെ നിയമ-നീതിന്യായ മന്ത്രാലയത്തിലെ നിയമ നിർമ്മാണ വകുപ്പിലെ ഔദ്യോഗിക ഭാഷാ വിഭാഗം മുഖേന രാഷ്ട്രപതിയുടെ അംഗീകാരം വാങ്ങി ഭാരത സർക്കാരിന്റെ ഗസറ്റിൽ മലയാള ഭാഷയ്ക്കായി നിശ്ചയിച്ചിരിക്കുന്ന ഭാഗം XI-ൽ സംസ്ഥാനത്ത് പ്രസിദ്ധീകരിക്കുന്നു. ഇപ്രകാരം പ്രസിദ്ധീകരിക്കുന്ന ആധികാരിക പാഠങ്ങൾ അച്ചടിച്ച് പുസ്തകങ്ങളാക്കി സംസ്ഥാന കമ്മീഷന്റെ വിൽപ്പന വിഭാഗം മുഖേന പൊതുജനങ്ങൾക്കും സ്ഥാപനങ്ങൾക്കും വിൽപ്പന നടത്തുകയും ചെയ്യുന്നു.

കേന്ദ്ര സർക്കാർ നിശ്ചയിക്കുന്ന മുൻഗണനാ പട്ടികയുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര ആക്റ്റുകളുടെ മലയാള പരിഭാഷ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നത്. പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും കേന്ദ്ര സർക്കാരാണ് വഹിക്കുന്നത്. തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന കമ്മീഷൻ കേരള സർക്കാരിന്റെ നിയമ വകുപ്പിന്റെ കീഴിലാണ്.

## ഘടന

ഒരു മുഴുവൻ സമയ ചെയർമാനും രണ്ടു മുഴുവൻ സമയ അംഗങ്ങളും ഉൾപ്പെടുന്നതാണ് കമ്മീഷൻ. നിയമ വകുപ്പിലെ സീനിയർ അഡീഷണൽ സെക്രട്ടറിയാണ് ചെയർമാനായി നിയമിക്കപ്പെടുന്നത്. രണ്ട് മുഴുവൻ സമയ അംഗങ്ങൾ നിയമ വകുപ്പിലെ അഡീഷണൽ സെക്രട്ടറിമാരാണ്. നിയമ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥനാണ് കമ്മീഷന്റെ സെക്രട്ടറി.

3/2716/2016/S-22.